രിക്കപ്പെടുന്നവർക്ക് സമ്പൂർണ്ണ ചികിത്സ നൽകുകയും ചെയ്യുന്നു. പനി ബാധിച്ച് ആശുപത്രികളിലും മറ്റു ആരോഗ്യകേന്ദ്രങ്ങളിലും എത്തുന്ന രോഗികളെ മലമ്പനിക്കായുള്ള രക്ത പരിശോധനയ്ക്ക് വിധേയമാക്കുന്നു. മലമ്പനി രോഗബാധയുള്ളതായി സ്ഥിരീകരിക്കപ്പെട്ടാൽ രോഗിക്ക് സമ്പൂർണ്ണ ചികിത്സ നൽകുകയും, രോഗിയുടെ അര ച.കി.മീറ്റർ ചുറ്റളവിലുള്ള വീടുകളിലെ ആൾക്കാരെ രക്തപരിശോധനയ്ക്ക് വിധേയമാക്കുകയും രോഗിയുടെ രക്ത സാമ്പിൾ മാസത്തിലൊരിക്കൽ പരിശോധനയ്ക്ക് വിധേയമാക്കുകയും ഒരു വർഷക്കാലത്തോളം നിരീക്ഷണത്തിന് വിധേയമാക്കുകയും ചെയ്യുന്നു. അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്നവരിൽ ഉള്ള മലമ്പനികേസ്സുകൾ നിരീക്ഷിക്കുന്നതിനും കാര്യക്ഷമമായ നിയന്ത്രണ മാർഗ്ഗങ്ങൾക്ക് രൂപരേഖ ഉണ്ടാക്കുന്നതിനുമായി കേരളത്തിലെയും കർണ്ണാടക സംസ്ഥാനത്തിലെയും ആരോഗ്യവകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന ഒരു വിദഗ്ദ്ധ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തിവരുന്നുണ്ട്.

17 (*297) സ്കൂൾ ബസ്സുകളിൽ വിദ്യാർത്ഥികളെ കയറ്റുന്നതിൽ നിയന്ത്രണം

ശ്രീ. സത്യൻ മൊകേരി :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. ജോസ് ബേബി :
ശ്രീ. യു.എസ്. ശശി:

ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ബസ്സുകളിലും വാനുകളിലും വിദ്യാർത്ഥികളെ കയറ്റുന്നതിൽ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) സ്കൂൾ ബസ്സുകളിലും വാനുകളിലും വിദ്യാർത്ഥികളെ കയറ്റുന്നതിന് ഇപ്പോൾതന്നെ മോട്ടാർ വെഹിക്കിൾ ആക്ടും റൂളും അനുസരിച്ച് നിയന്ത്രണങ്ങൾ നിലവിലുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

18 (*298) പേയിംഗ് ഫാർമസി വിപുലീകരിക്കാൻ നടപടി

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ആശുപത്രിയിൽ പേയിംഗ് ഫാർമസി പ്രവർത്തിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) എല്ലാ ജില്ലാ താലൂക്ക് ആശുപത്രികളിലും പേയിംഗ് ഫാർമസി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly